A

8001

# സമഗ്രശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണയം 2022-23

## ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ്സ് - VIII

സമയം : 2 മണിക്കൂർ

ആകെ സ്കോർ : 45

---

## പൊതു നിർദ്ദേശങ്ങൾ

- ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. എഴുത്തുപരീക്ഷക്കുള്ള 2 മണിക്കൂറിൽ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്സ്, റോൾനമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

---

## ആരോഗ്യ കായികവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്

സ്കോർ : 15

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക ശരിയുത്തരത്തിന് 1 സ്കോർ വീതം. ആകെ 4 സ്കോർ** (4 X 1 =4)

1. ആഷസ് ട്രോഫി ഏത് കായികയിനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   (ക്രിക്കറ്റ്, ഫുട്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ, ടെന്നീസ്)
2. ഏത് വിഭാഗക്കാർക്കുള്ള ഫുട്ബോൾ മത്സരത്തിലാണ് ഫിഫ ഗ്രീൻ കാർഡ് ഉപയോഗിക്കുന്നത്?
   (19 വയസ്സിൽ താഴെ, 14 വയസ്സിൽ താഴെ, 17 വയസ്സിൽ താഴെ, 12 വയസ്സിൽ താഴെ)
3. ദേശീയ സ്പോർട്സ് മ്യൂസിയം ആരുടെ ഓർമ്മയ്ക്കായിട്ടാണ് സ്ഥാപിച്ചത്?
   (ധ്യാൻ ചന്ദ്, സുരേഷ് ബാബു, മിൽഖാ സിംഗ്, ജിമ്മി ജോർജ്ജ്)
4. ചിത്രത്തിൽ കൊടുത്തിരിക്കുന്ന ഒളിംപിക് മെഡൽ ജേതാവിനെ തിരിച്ചറിയുക




   (പി.ആർ ശ്രീജേഷ്, നീരജ് ചോപ്ര, സുശീൽ കുമാർ, അഭിനവ് ബിന്ദ്ര)

5. സ്ഥിരമായി കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുമൂലം പേശീവ്യവസ്ഥയിൽ ഉണ്ടാകുന്ന ഗുണപരമായ മാറ്റം ഏത് ?
   (പേശീതളർച്ച, പേശികളുടെ കാര്യക്ഷമത കുറയുന്നു, പേശികളുടെ വലിപ്പം വർദ്ധിക്കുന്നു, രക്തചംക്രമണം കുറയുന്നു)
6. താഴെ കൊടുത്തിരിക്കുന്നതിൽ കമിഴ്ന്ന് കിടന്നു ചെയ്യുന്ന യോഗാസനത്തിന്റെ പേര് എഴുതുക.
   (പശ്ചിമോത്താനാസനം, നൗകാസനം, അർദ്ധപവന മുക്താസനം, മകരാസനം)

7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 2 സ്കോർ വീതം. ആകെ 8 സ്കോർ. **(4 x 2 = 8)**

7. സന്ധികൾ എന്നാലെന്ത്? ചലന സവിശേഷതയനുസരിച്ച് സന്ധികളെ എങ്ങനെ തരം തിരിക്കാം
8. ഡിസ്‌ലൊക്കേഷനും സബ്‌ലെക്സേഷനും തമ്മിലുള്ള വ്യത്യാസമെഴുതുക
9. ചുറുചുറുക്ക് എന്നാലെന്ത്? കളികളിൽ നിന്ന് രണ്ട് ഉദാഹരണം എഴുതുക
10. ഫുട്ബോൾ കളിക്കിടയിൽ ഗ്രീൻകാർഡ് കാണിക്കുന്ന അവസരം ഏത്?
11. അഖാരകൾ എന്നാലെന്ത്?
12. നാഷണൽ സ്പോർട്സ് ടാലന്റ് കോണ്ടസ്റ്റിന്റെ (NSTC) പ്രവർത്തനങ്ങൾ വിശദീകരിക്കുക.

13 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 3 സ്കോർ **(1 x 3 =3)**

13 സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (SAI) ലക്ഷ്യങ്ങൾ എന്തെല്ലാം?

14. കളിസ്ഥലത്ത് കളിക്കാർ പാലിക്കേണ്ട മര്യാദകൾ എന്തെല്ലാമെന്ന് വിവരിക്കുക.

---

## കലാവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്
സ്കോർ : 15

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ** **(4 x 1= 4)**

1. കേരളത്തിലെ വയലുകളും ഗ്രാമങ്ങളും ചിത്രങ്ങളിൽ പകർത്തിയ, പ്രകൃതിയോടും പരിസ്ഥിതിയോടും വളരെ ആഭിമുഖ്യം പുലർത്തിയ കേരളീയനായ ചിത്രകാരൻ ആര്?
(രാജൻ എം.കൃഷ്ണൻ, അതുൽ ദോദിയ, അപർണ കൗർ, സുബോധ് ഗുപ്ത)

2. ചിത്രത്തിൽ തന്നിരിക്കുന്ന പാശ്ചാത്യ സംഗീതോപകരണം ഏതാണ്?


a.


b.


c.


d.

3. ഗുഹാക്ഷേത്രങ്ങളും ഒറ്റക്കൽ മണ്ഡപങ്ങളും ശില്പങ്ങളും അടങ്ങിയ പല്ലവകാല ശില്പനഗരം ഏതാണ്?
(അജന്ത, എലഫന്റാ, ഹാരപ്പ, മഹാബലിപുരം)

4. ഫോട്ടോഗ്രാഫിയിൽ അകലെയുള്ളതും അടുത്തുള്ളതുമായ വസ്തുക്കളെ വ്യക്തതയോടെ പകർത്തുന്നതിന് ക്യാമറയിൽ ഘടിപ്പിക്കുന്ന ഉപകരണം ഏതാണ്?


a. ട്രൈപ്പോഡ്


b. ലെൻസ്


c. മെമ്മറികാർഡ്


d. ബാറ്ററി

5. നൃത്തത്തിൽ 'ആംഗികം' എന്ന അഭിനയരീതി കൊണ്ട് അർത്ഥമാക്കുന്നതെന്താണ് ?
(ശരീരഭാഗങ്ങൾ ഉപയോഗിച്ചുള്ള അഭിനയം, ശബ്ദം ഉപയോഗിച്ചുള്ള അഭിനയം, ഉപകരണങ്ങൾ ഉപയോഗിച്ചുള്ള അഭിനയം, ഉടയാടകൾ ഉപയോഗിച്ചുള്ള അഭിനയം)

6. കഥകളി സംഗീതത്തിൽ ഇലത്താളം വായിക്കുന്നവർ എന്ത് പേരിൽ അറിയപ്പെടുന്നു?
(കാഥികൻ, വിദൂഷകൻ, ശിങ്കിടി, പ്രാസംഗികൻ)

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** (2 x 3 = 6)

7. ചേരുംപടി ചേർക്കുക.

| | |
|---|---|
| കലാമണ്ഡലം ഹൈദരാലി | ഹിന്ദുസ്ഥാനി സംഗീതം |
| സക്കീർ ഹുസൈൻ | കഥകളി സംഗീതം |
| ഭീംസെൻ ജോഷി | തബല |

8. താഴെ കൊടുത്തിരിക്കുന്ന സന്ദർഭത്തെ അടിസ്ഥാനമാക്കി പൂന്തോട്ടം പരിപാലിക്കുന്ന കുട്ടിയെ ഉൾക്കൊള്ളിച്ച് ചിത്രം വരയ്ക്കുക.
(വരയ്ക്കാൻ പ്രത്യേകം പേപ്പർ ഉപയോഗിക്കുക)



a. ചെടിച്ചട്ടിയിൽ വാടി നിൽക്കുന്ന ചെടി

b. ചെടിക്ക് വെള്ളം ഒഴിക്കുന്ന കുട്ടി.

c. ചെടിയിൽ വിരിഞ്ഞ് നിൽക്കുന്ന പൂവ് കണ്ട് ആഹ്ലാദിക്കുന്ന കുട്ടി

9. ചിത്രങ്ങളിൽ കൊടുത്തിരിക്കുന്ന കർണാടക സംഗീത ഉപകരണങ്ങളുടെ പേര് എഴുതുക.



a.



b.



c.

10. നവരസങ്ങൾ എഴുതി പൂർത്തിയാക്കുക.
1) ശൃംഗാരം 2)..................... 3) കരുണം 4) രൗദ്രം 5) .....................
6) ഭയാനകം 7) ബീഭത്സം 8) ..................... 9) ശാന്തം

11. താഴെ കൊടുത്തിരിക്കുന്ന പാവനാടകത്തിനുള്ള പാവകൾ ഏതെന്ന് എഴുതുക.



a. ..........................................



b. ..........................................



c. ..........................................

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ.**

**(1 x 5 = 5)**

12. നിങ്ങളുടെ നാട്ടിൽ നടക്കുന്ന പുഷ്പോത്സവത്തിന് മനോഹരമായ പോസ്റ്റർ തയ്യാറാക്കുക. അനുയോജ്യമായ തലക്കെട്ടും ചിത്രവും വരച്ച് നിറം നൽകി പൂർത്തിയാക്കുക.
(പോസ്റ്റർ തയ്യാറാക്കാൻ പ്രത്യേകം പേപ്പർ ഉപയോഗിക്കുക)

13. കഥകളി സംഗീതം, മാപ്പിളപ്പാട്ട്, പുള്ളുവൻപാട്ട് ഇവയിൽ ഏതെങ്കിലുമൊന്നിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14. 'മേശപ്പുറത്തെ പെൻസ്റ്റാന്റിനകത്ത് ഒരു പെൻസിൽ, വെള്ളപേപ്പർ ക്ലിപ്പ് ചെയ്ത് വെച്ച റൈറ്റിംഗ് ബോർഡ് എന്നിവയുണ്ട്. അവിടേയ്ക്ക് പെൻസിലിനെ തിന്നാനായി ഒരു എലി കടന്നു വരുന്നു. പെൻസിൽ എലിയിൽ നിന്നും രക്ഷപ്പെടാനായി ഓടി വെള്ളപേപ്പർ ക്ലിപ്പ് ചെയ്തു വെച്ച ബോർഡിനടുത്തെത്തുന്നു. പെൻസിൽ പേപ്പറിൽ പൂച്ചയുടെ ചിത്രം വരച്ച് എലിയെ കാണിക്കുന്നു. എലി പേടിച്ചോടുന്നു.
ഈ കഥാസന്ദർഭത്തെ കാർട്ടൂൺ സിനിമയായി ചിത്രീകരിക്കാൻ സ്റ്റോറി ബോർഡ് തയ്യാറാക്കുക.

മേശപ്പുറത്ത് ക്ലിപ്പ് ബോർഡും
പെൻസ്റ്റാന്റും പെൻസിലും

എലി കടന്നു വരുന്നു.
പെൻസിൽ ഓടുന്നു

പെൻസിൽ പേപ്പറിനടുത്തെത്തുന്നു.
പിന്തുടരുന്ന എലി

പൂച്ചയുടെ ചിത്രം. എലിയെ കാണിക്കുന്നു.
എലി പേടിച്ച് ഓടുന്നു.

# പ്രവൃത്തിപഠനം


സമയം : 40 മിനിറ്റ്
ആകെ സ്കോർ : 15

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക** **(3 x 1 =3)**

1. ഹരിതകേരളം മിഷന്റെ ഭാഗമായി വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ പച്ചക്കറി കൃഷിക്ക് ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിക്കാവുന്ന ജലസേചന രീതിയാണ്
(തുള്ളിനന രീതി, കോരിയൊഴിക്കുന്ന രീതി, പമ്പിംഗ് രീതി, മഴക്കുഴി രീതി)
2. ചെറുധാന്യങ്ങളിൽ കൂടുതലായി അടങ്ങിയിരിക്കുന്ന പോഷകം ഏത് ?
(ജീവകം കെ, നാരുകൾ, ജീവകം ഡി, ജീവകം സി)
3. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ രോഗസംക്രമണം തടയുന്നതിന് സ്വീകരിക്കാവുന്ന ഏറ്റവും ഉചിതമായ മാർഗ്ഗം ഏത് ?

ഏ


ബി


സി


ഡി


4. വലിയ പൂക്കളുടെ ഇതളുകൾ തയ്ച്ച് പൂർത്തീകരിക്കുവാൻ ഉപയോഗിക്കുന്ന അലങ്കാര തയ്യൽ ഏത്?
( സ്റ്റെം സ്റ്റിച്ച്, ഫെതർ സ്റ്റിച്ച്, സ്കാലപ്പിംഗ്, ലോങ്ങ് ആന്റ് ഷോർട്ട് സ്റ്റിച്ച് )

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.** **(4x 2 =8)**

5. ഫ്ളോചാർട്ട് പൂർത്തീകരിക്കുക

ബുക്ക് ബൈന്റിംഗ് — കാലിക്കോ — ? — ? — ? — ?

6. ജൈവവളം എന്നാൽ എന്ത് ? ഏതെങ്കിലും രണ്ട് ജൈവവളങ്ങളുടെ പേര് എഴുതുക?

7. **ചേരുംപടി ചേർക്കുക**

| ഏ | ബി |
|---|---|
| i) ചിരട്ടയുൽപ്പന്നങ്ങൾ | ക്ലോറിനേഷൻ |
| ii) കുടിവെള്ളം | ജൈവകീടനാശിനി |
| iii) വയലറ്റ് | ഹാക്സോ ബ്ലേഡ് |
| iv) പുകയില കഷായം | ദ്വിതീയ വർണ്ണം |

8. ഗ്രേബോർഡ് അല്ലെങ്കിൽ ഡ്യൂപ്ലക്സ് ബോർഡിൽ ഒരു ഫ്ളക്സി ഫയൽ നിർമ്മിക്കുന്ന വിധം വിവരിക്കുക.
9. ഫാബ്രിക്ക് പെയിന്റിങ്ങും വെജിറ്റബിൾ പ്രിന്റിങ്ങും തമ്മിലുള്ള ഏതെങ്കിലും നാല് വ്യത്യാസങ്ങൾ എഴുതുക.

**10,11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.** **(1x 4 =4)**

10. റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് നിങ്ങൾ നിർമ്മിച്ച ഒരു ബാഡ്ജിന്റെ നിർമ്മാണരീതി വിവരിക്കുക.
11. പാടം നികത്തൽ, മണൽ വാരൽ, കുന്നിടിക്കൽ എന്നിവയെക്കുറിച്ചുള്ള ഒരു പോസ്റ്റർ തയ്യാറാക്കുക.